1.
1103. 11. 19 –

ആധുനിക മലയാളഗദ്യത്തിന്റെ ആദ്യ മാതൃകകൾ

അഥവാ

വൈയാകരണൻ ഗീവർഗ്ഗീസുകത്തനാരും അദ്ദേഹത്തിന്റെ ഗദ്യകൃതികളും.

(ചിത്രമെഴുത്തു കെ. എം. വറുഗീസ്)

I

മലയാളഭാഷയ്ക്കു, മണിപ്രവാളകവിതയെ പുരസ്കരിച്ചു സംസ്കൃതഭാഷയിൽ രചിക്കപ്പെട്ട കേവലം അലങ്കാരപരമായ "ലീലാതിലക"വ്യാകരണത്തിനു പിമ്പായും, ഡാക്ടർ ഗുണ്ടർട്ട് പണ്ഡിതരുടെ പ്രസിദ്ധമായ "മലയാളഭാഷാവ്യാകരണ"ത്തിനു മുമ്പായും, മലയാളഭാഷയ്ക്കു, മലയാളഭാഷയിൽ ഒരു മലയാളിയാൽത്തന്നെ രചിക്കപ്പെട്ട ഒന്നാമത്തെ മലയാളവ്യാകരണം, പത്തൊൻപതാം ശതാബ്ദത്തിലെ പണ്ഡിതാഗ്രേസരനെന്നു പുകൾപെററ "മല്ലപ്പള്ളിലച്ചൻ" അഥവാ ചെങ്ങന്നൂർ പുത്തൻകാവിൽ തരകൻവീട്ടിൽ ഗീവറുഗീസുകത്തനാർ അവർകൾ, (സായ്പന്മാരുടെ ഭാഷയിൽ ഗീവറുഗീസുപാദ്രി) ക്രിസ്ത്വബ്ദം 1852-നു കൊല്ലം 1027-ാമാണ്ടു അതായതു — ഇന്നേയ്ക്കു എഴുപതാറുവർഷം മുമ്പു നിർമ്മിച്ചതായ "മലയാഴ്മയുടെ [illegible] യാണെന്നുള്ള വസ്തുത കേരളത്തിലെ പ്രചണ്ഡപണ്ഡിതകേസരികളായ മെസ്സേഴ്സ് പി. കെ. നാരായണപിള്ള, ടി. കെ. ജോസഫ്, ആററൂർ കൃഷ്ണപിഷാരടി എന്നീ മൂവർ ഒഴിച്ചു മ. രാ. രാ. ഏ. ആർ. രാജരാജവർമ്മകോയിത്തമ്പുരാൻ, എം. ശേഷഗിരിപ്രഭു തുടങ്ങിയുള്ള വൈയാകരണന്മാരും, ഉള്ളൂർ എസ്. പരമേശ്വരയ്യർ, പ്രൊഫസർ ശങ്കരൻനമ്പ്യാർ, ആർ. നാരായണപ്പണിക്കർ തുടങ്ങിയുള്ള ഭാഷാചരിത്രകാരന്മാരും; മി: ഒ. എം. ചെറിയാൻ, മി: കെ. എം. പണിക്കർ തുടങ്ങിയുള്ള വിമർശകവീരന്മാരും മനഃപൂർവ്വം മറച്ചുവയ്പാൻ ശ്രമിച്ചിട്ടുണ്ടെന്നുള്ളതിനു മേല്പറഞ്ഞവരുടെ ഭാഷാപോഷിണിസഭായോഗങ്ങളിലെ പ്രസിദ്ധീകൃതപ്രസംഗങ്ങളും, ഭാഷാചരിത്രപരമായ ഉപന്യാസപരമ്പരകളും, ഗ്രന്ഥങ്ങളും അനിഷേധ്യലക്ഷ്യമല്ലോ. ദിവ്യശ്രീ ഗീവറുഗീസുകത്തനാർ അവർകളുടെ വ്യാകരണഗ്രന്ഥം മാത്രമല്ല, അദ്ദേഹത്തിന്റെ മലയാളസാഹിത്യപരിപോഷണശ്രമങ്ങളെ ഒന്നടങ്കമായിത്തന്നെ കേരളസാഹിത്യലോകത്തിൽനിന്നു മായിച്ചുകളവാൻ മേല്പറഞ്ഞവർ [illegible] കൈകനീട്ടുകയുണ്ടായിട്ടുണ്ടെന്നാണു എന്റെ താഴ്മയായ ബോധം.

അത്യുജ്ജ്വലമായ ഇംഗ്ലീഷുഭാഷയിൽ പന്ത്രണ്ടു പേജിൽ നിൽക്കുന്ന ഒന്നാന്തരം ഒരു അവതാരികയോടും, എട്ടുപേജിൽ ഉൾപ്പെട്ട വ്യാകരണസംബന്ധമായ ഒരു ഇംഗ്ലീഷുമലയാളവ്യാകരണ പദാനുക്രമണികയോടും (Grammatical Terms) കൂടി ഇംഗ്ലീഷുബോധിനി, സ്കൂൾപൈക്കാ എന്നീ ഇനം അച്ചിൽ ഭംഗിയായി അച്ചടിച്ചിട്ടുള്ള പ്രസ്തുത വ്യാകരണം, തൽകർത്താവിന്റെ പാണ്ഡിത്യപരമത്വത്തിനും ഗ്രന്ഥപരിചയത്തിനും നിരീക്ഷണചാതുര്യത്തിനും ഒരു ഉത്തമലക്ഷ്യമായി കേരളത്തിലെ ചില പഴയതറവാട്ടുകളിലെ ഉള്ളറകളിലായി ഇരുട്ടടഞ്ഞുകിടക്കുന്നുവെന്നുള്ള [illegible] സർവ്വമലയാളികളുടെയും സഹതാപപൂർവ്വമായ ഗാഢശ്രദ്ധയെ നിശ്ചയം അർഹിക്കുന്നവ തന്നെ. ആയിരത്തിഇരുപത്തേഴിൽ കൈയ്യെഴുത്തുകോപ്പിയായി അവതരിച്ച പ്രസ്തുത വ്യാകരണഗ്രന്ഥം, ഗ്രന്ഥകർത്താവിന്റെ ധനദൗർല്ലഭ്യത്തിനു സാക്ഷിയായി പതിനൊന്നു കൊല്ലം കോട്ടയം ചർച്ചുമിഷ്യൻ ആപ്പീസിൽ കഴിച്ചുകൂട്ടിയ ശേഷം കത്തനാർ അവർകളുടെ ആത്മമിത്രമായിരുന്ന സർ ടി. മാധവരാവു അവർകളുടെ പ്രേരണയാൽ കൊല്ലം 1038-ാമാണ്ടു പുസ്തകരൂപത്തിൽ കേവലം ഇരുനൂറു കോപ്പി മാത്രമായി വെളിക്കിറങ്ങി. ഇതിൽ നൂറു പ്രതി തിരുവിതാംകൂർ സർക്കാർ വിലയ്ക്കെടുത്തു. ശേഷിച്ചവ പ്രതികൾ ഗ്രന്ഥകർത്താവുതന്നെ ചിലർക്കെല്ലാം സംഭാവന നൽകിയതും കഴിച്ചു അൻപതിലധികം പ്രതികൾ ഗീവറുഗീസുകത്തനാർ അവർകളുടെ പൗത്രന്മാർ ഇരട്ടപാലന്റെ പള്ളിവെട്ടത്തായി അദ്ദേഹത്തിന്റെ ഗ്രന്ഥസഞ്ചയത്തിൽ ഇപ്പോൾ തള്ളിവച്ചിരിക്കയുമാണു. കൊല്ലം 1020-ാമാണ്ടു കുംഭമാസം 10-ാംനു- തിരുവവതാരം ചെയ്ത കേരളവർമ്മവലിയകോയിത്തമ്പുരാൻ തിരുമനസ്സുകൊണ്ടു 1027-ാമാണ്ടു ഏഴാമത്തെ തിരുവയസ്സിൽ ഹരിഃ ശ്രീഃ നിലത്തെഴുതി മലയാണ്മയുടെ അക്ഷരമാല പഠിക്കമ്പോഴാണു ഒരു നസ്രാണിമാപ്പിളയായ ഗീവറുഗീസുകത്തനാർ അവർകൾ ഇന്നത്തെ കേരളപാണിനിയെത്തോളം വല്ലിപ്പമുള്ള അതിഗംഭീരമായ തന്റെ "മലയാഴ്മയുടെ വ്യാകരണം" എഴുതിത്തീർത്തതെന്നുള്ള പരമസത്യം പുരോഭാഗികളായ ഭാഷാചരിത്രകാരന്മാർ ആരെല്ലാം തന്നെ മറച്ചുവച്ചാൽ മറയുന്നതോ, ഏതെല്ലാം വിമർശകന്മാർ അവരുടെയെല്ലാം സംതൃപ്തിക്ക വേണ്ടി കുറച്ചുവച്ചാൽ കുറയുന്നതോ അല്ലെന്നുള്ളതു നിശ്ചയമത്രേ. മലയാളഭാഷയെ "സംസ്കൃതഹിമഗിരിഗളിതയാക്കിത്തീർപ്പാൻ മുതിർന്ന കോവുണ്ണി നെടുങ്ങാടി അവർകൾ", 1050-ാമാണ്ടു മീനമാസത്തിൽ എഴുതി മലയാളമനോരമപ്രസ്സിൽ ആദ്യമായി അച്ചടിപ്പിച്ച "കേരളകൗമുദിവ്യാകരണ"ത്തിൽ

"ഗുണ്ടർട്ടെന്ന പ്രബലമതിമാനിട്ട
നൂലൊട്ടുകൊള്ളും
ഗീവർഗ്ഗീസും പുനരൊരുതരം ചേർത്തും
നിന്നു പാർത്താൽ
ഗുണ്ടർട്ടിൻ നൂല് പരികലനം ചെയ്തി
താൽഗ്ഗീത്തവെററും
[illegible]
മെല്ലാം"

എന്നിങ്ങനെ ഗീവറുഗീസുകത്തനാർ അവർകളുടെ നാമധേയം കീർത്തിക്കുന്നുണ്ടെങ്കിലും കത്തനാർ അവർകൾ ശാസ്ത്രീയരീതിയിലെഴുതിയ തന്റെ വ്യാകരണഗ്രന്ഥം മൂലം ഭാഷയിലേപ്പെട്ടതിയതായ ചന്ദ്രക്കല, അങ്കുശം, രോധിനി, ആരെകരം മുതലായ ചിഹ്നങ്ങളുടെയും അഷ്ടമി വിഭക്തി മുതലായ ചില പുതിയ കല്പനകളുടെയും പിതൃത്വം കൂടി കേരളപാണിനിയുടെ ശിരസ്സിൽ അപ്പിപ്പാൻ നമ്മുടെ ചില വിമർശകന്മാർ പുളിവോ പുളിയോ ഉണ്ടായില്ല. കേരളപാണിനിയും പുറത്തിറങ്ങുന്നതിനു നാല്പത്തിമൂന്നു കൊല്ലം മുമ്പു പുസ്തകരൂപത്തിൽ പുറപ്പെട്ടതായ "മലയാഴ്മയുടെ വ്യാകരണ"ത്തിന്റെ ശേഷിച്ച പ്രതിയും പ്രചാരവും എത്രമാത്രമെന്നു നമ്മുടെ നിരൂപകന്മാർ നല്ല നിശ്ചയമുണ്ടായിരുന്നുവെന്നേ ഇതിനു സമാധാനം പറയേണ്ടതായിട്ടുള്ളു.

ഒരു ശതാബ്ദത്തിനു മുമ്പു സുറിയാനി ക്രിസ്ത്യാനികൾ സംസ്കൃതസാഹിത്യാഭ്യസനത്തിൽ അതിയായ ശ്രദ്ധ പതിപ്പിച്ചിരുന്നുവെന്നുള്ളതിനു വേണ്ടുവോളം ലക്ഷ്യമുണ്ടു. നസ്രാണികൾ, നായർആശാന്മാരുടെ അടുക്കൽ പഠിക്കയോ, കാവ്യങ്ങൾ അഭ്യസിക്കയോ ചെയ്യരുതെന്നു ക്രിസ്ത്വബ്ദം 1599-ൽ ഉദയമ്പേരൂർ കൂടിയ മതമഹാസഭയിൽ വച്ചു പോർട്ടുഗീസുകാർ തീർപ്പു ചെയ്കയുണ്ടായിട്ടുണ്ടു. ഇതിനെ സംബന്ധിച്ചു കേരളചരിത്രകാരന്മാരിൽ അഗ്രഗണ്യനായ കെ. പി. പത്മനാഭമേനവൻ അവർകൾ ഇപ്രകാരം പറയുന്നു:— "ഉദയമ്പേരൂർവച്ചു ക്രി- ബ- 1599-ാമാണ്ടു ആർച്ചുബിഷോപ്പ് മെനെസിസ്സ് കൂട്ടിയ ക്രിസ്ത്യാനിമഹാസഭയിൽ ക്രിസ്ത്യാനികളുടെ മേൽ നടവടിയെ സംബന്ധിച്ചു പല നിശ്ചയങ്ങളും ചെയ്കയുണ്ടായി. പല സംഗതികളിലും നസ്രാണികൾ ഹിന്തുക്കളുടെ ആചാരങ്ങളെ അനുസരിച്ചു അവരെ നടന്നുപോന്നിരുന്നു മേലാൽ പാടില്ലെന്നു വിരോധിക്കയും ചെയ്തിട്ടുണ്ടു." (കൊച്ചിരാജ്യചരിത്രം, ഒന്നാംഭാഗം. പു. 475) നായർ ആശാന്മാരുടെ കീഴിൽ നസ്രാണികൾ സംസ്കൃതം പഠിക്കരുതെന്നു പോർട്ടുഗീസുകാർ കഠിനമായി വിരോധിച്ചിരുന്നു എങ്കിലും ഡച്ചുകാർ അവരെ നിശ്ശേഷമായി തോല്പിച്ചതിനോടുകൂടി നസ്രാണികൾക്കു ഈ വിഷയത്തിലുണ്ടായിരുന്ന അസ്വാതന്ത്ര്യത്തിനു ഏതാണ്ടൊരു പരിഹാരമുണ്ടാവുകതന്നേ ചെയ്തു. പിൽക്കാലത്തു സി. എം. എസ്. മിഷണറിമാർ കേരളത്തിൽ എത്തി ഇംഗ്ലീഷുവിദ്യാഭ്യാസത്തിനു അടിസ്ഥാനമിട്ടശേഷവും ഒരു ക്രിസ്ത്യൻവിദ്യാഭ്യാസകേന്ദ്രമായ കോട്ടയം പഴയസിമ്മനാരിയിൽ സംസ്കൃതകാവ്യങ്ങൾതന്നെ പാഠ്യഗ്രന്ഥമായി സ്വീകരിച്ചിരുന്നു. ഈയിടെയ്ക്കു കോട്ടയം പഴയസിമ്മനാരിയിൽനിന്നു കണ്ടുകിട്ടിയ കുറെ വെള്ളോലച്ചാർത്തുകളുടെ കൂട്ടത്തിലുണ്ടായിരുന്ന ഒരു കണക്കോല താഴെ ചേർക്കുന്നതിൽനിന്നു ഈ വാസ്തവം വെളിപ്പെടുന്നതാണു.

"സിമ്മനാരിയിൽ പൈതങ്ങളെ പഠിപ്പിക്കുന്നതിനു ഗ്രന്ഥങ്ങൾ വിലെക്കവാങ്ങിച്ചു കൊവിലാശാനെ ഏല്പിച്ചവകയ്ക്കു എഴുതിയ കണക്ക.

1002-ാമാണ്ടു കർക്കടകമാസം 28-ാംനു- രാജശ്രീ ഡൊറൻസായ്പ അവർകൾ കല്പനപ്രകാരം വൈക്കത്തു മാടപ്പള്ളിൽ കൃഷ്ണൻ കുഞ്ഞുപിള്ളനാട്ടു (വിലെക്കു) വാങ്ങിച്ച ഗ്രന്ഥം 2.

യുധിഷ്ഠിരവിജയംവ്യാഖ്യാനഗ്രന്ഥം	1
ബാലഭാരതം വ്യാഖ്യാനഗ്രന്ഥം	1
കൃഷ്ണവിലാസം ഗ്രന്ഥം	1
മാഘം മൂല ഗ്രന്ഥം	1
യുധിഷ്ഠിരവിജയം മൂലഗ്രന്ഥം	1
കുമാരസംഭവം മൂലഗ്രന്ഥം	1
കൃഷ്ണവിലാസം മൂലഗ്രന്ഥം	1
ബാലഭാരതം മൂലഗ്രന്ഥം	1
സിദ്ധരൂപം ഗ്രന്ഥം	2
ആകെ ഗ്രന്ഥം എണ്ണം	3"

(ഇവിടെ ആകെ എണ്ണം മൂന്നെന്നു പറയുന്നതു ഏടായി കോർത്തിട്ടുള്ള മൂന്നു ഏട്ടുകെട്ടുകളെ ഉദ്ദേശിച്ചായിരിക്കുമെന്നു തോന്നുന്നു.)

ദിവ്യശ്രീ ഗീവറുഗീസു കത്തനാരവർകൾ ഒരു മലയാളി എന്ന നിലയിൽ മലയാളഭാഷയ്ക്കു പ്രഥമമായി ശാസ്ത്രീയരീത്യാ ഒരു വ്യാകരണഗ്രന്ഥം ചമയ്ക്ക മാത്രമല്ല ചെയ്തിട്ടുള്ളതു. "ഇപ്പോൾ മലയാളഭാഷാവിഷയമായി ഓരോരുത്തർ ഉത്സാഹിച്ചുകാണുന്നതു എനിക്ക വലിയ സന്തോഷമാണു. ഒരുകാലത്തു എനിക്കും എന്റെ പ്രിയ ഭാഗിനേയശിഷ്യനായ രാജരാജവർമ്മകോയിത്തമ്പുരാനുംകൂടി മലയാളഭാഷയോടു അത്ര പ്രതിപത്തി ഉണ്ടായിരുന്നുവോ എന്നു സംശയമാണു." (1082-ാമാണ്ടു തിരുവനന്തപുരം കോലേജു വാർഷികയോഗത്തിൽ വായിച്ച ഉപസംഹാരപ്രസംഗം നോക്കുക) എന്നിങ്ങനെ കേരളവർമ്മവലിയകോയിത്തമ്പുരാൻ തിരുമനസ്സുകൊണ്ടു മലയാളഭാഷാസാഹിത്യത്തിൽ കാൽ വയ്ക്കുന്നതിനു വളരെ മുമ്പു, ആധുനികമലയാളഗദ്യത്തിന്റെ ആദ്യമാതൃകകളെന്നു നിസ്സംശയം അഭിപ്രായപ്പെടത്തക്കവണ്ണം ഊക്കും ഒഴുക്കും ഓജസ്സുമുള്ള ഒന്നാന്തരം ഗദ്യത്തിൽ കത്തനാരവർകൾ പല ഗ്രന്ഥങ്ങളും ഉപന്യാസപരമ്പരകളും കൈരളീദേവിക്ക സമ്മാനിക്കയുണ്ടായിട്ടുണ്ടു. പക്ഷേ അവ അക്കാലത്തെ മലയാളഭാഷാ വിദ്യാഭ്യാസത്തിന്റെ ദുരവസ്ഥിതിക്ക വിദ്യാലയങ്ങളിൽ പാഠപുസ്തകമായി സ്വീകരിക്കുന്നതിനു നിവൃത്തിയില്ലാത്തവണ്ണം അതിപ്രൗഢങ്ങളാകയാൽ ബഹുജനങ്ങൾക്കു അവയുമായി എടപെടുന്നതിനൊ, അവ ശരിക്ക വായിച്ചു ഗ്രഹിക്കുന്നതിനൊ, സൗകര്യം ലഭിച്ചിരുന്നില്ല, എന്നല്ല പിൽക്കാലത്തുണ്ടായ ബുക്കകമ്മട്ടിവഴി സർക്കാർ മലയാളം പള്ളിക്കൂടങ്ങളിൽ പ്രവേശനം ലഭിക്കാതിരുന്ന ഗ്രന്ഥങ്ങളെ സംബന്ധിച്ചു പൊതുജനങ്ങൾക്കു അറിവോ അന്വേഷണമോ ഉണ്ടായിരുന്നില്ല. അതിനാൽ വിദ്യാഭ്യാസവിഷയത്തിൽ അക്കാലത്തിൽ ഏതാണ്ടൊരുണർവു പ്രാപിച്ചിരുന്ന കോട്ടയം, തിരുവനന്തപുരം, തലശ്ശേരി എന്നീ പ്രധാനപട്ടണങ്ങളിലെ ചുരുക്കം ചില വിദ്വാന്മാർ മാത്രമേ കത്തനാർ അവർകളുടെ ഗ്രന്ഥങ്ങളുമായി പരിചയപ്പെടുന്നതിനും, അദ്ദേഹത്തിന്റെ പാണ്ഡിത്യത്തേയും ചിന്താശക്തിയേയും രാജ്യക്ഷേമകാംക്ഷയേയും പററി ശരിക്ക മനസ്സിലാക്കുന്നതിനും കഴിഞ്ഞിരുന്നുള്ളു.

ഗീവറുഗീസുകത്തനാരവർകളുടെ ബുദ്ധിശക്തിയേപ്പററിയും വിജ്ഞാനസമ്പത്തിനെപ്പററിയും വിവിധഭാഷാപാണ്ഡിത്യത്തെക്കുറിച്ചും നല്ല നിശ്ചയമുണ്ടായിരുന്ന തിരുവിതാംകൂർ ദിവാൻ സർ. ടി. മാധവരാവു അവർകൾ തിരുവിതാംകൂർ വിദ്യാഭ്യാസവകുപ്പിന്റെ അദ്ധ്യക്ഷസ്ഥാനം കത്തനാരവർകൾ ഭരമേൽക്കുന്നപക്ഷം അതു ഇന്നാട്ടിനും നാട്ടാർക്കും പല പ്രകാരേണ ഗുണകരമായിരിക്കുമെന്നു കരുതി ആ വൈദികശ്രേഷ്ഠനെ തിരുവനന്തപുരത്തേക്ക പലപ്രാവശ്യവും ക്ഷണിക്കയുണ്ടായി. എന്നാൽ ഒരു വൈദികനായ താനിക്ക സർക്കാർജീവനത്തിൽ പ്രവേശിക്കുന്നതിനു നിവൃത്തിയില്ലെന്നു പറഞ്ഞു കത്തനാരവർകൾ മാധവരാവുവിന്റെ അപേക്ഷയെ നന്ദിപൂർവ്വം ഉപേക്ഷിക്കയാണു ചെയ്തതു. കത്തനാർ അവർകളുടെ പൗത്രന്മാർ ഇന്നും ഭദ്രമായി സൂക്ഷിച്ചിട്ടുള്ളതും സർ. ടി. മാധവരാവു അവർകൾ സ്വന്തം കൈപ്പടയിൽ എഴുതീട്ടുള്ളതുമായ രണ്ടു കത്തുകളിൽനിന്നു ഈ വാസ്തവം വെളിപ്പെടുന്നതാണു.

തിരുവിതാംകോട്ടു രാജ്യത്തു മലയാളം ബുക്കകമ്മട്ടി ഏർപ്പെടുത്തുന്നതിനും കേരളവർമ്മവലിയകോയിത്തമ്പുരാൻ അതിന്റെ അദ്ധ്യക്ഷപദം കൈയേൽക്കുന്നതിനും മുമ്പു ഉത്തമമായ ഒരു ഗദ്യരീതി ഇവിടെ ഉണ്ടായിരുന്നുവോ. ശാസ്ത്രീയവിഷയങ്ങളെ പ്രതിപാദിക്കുന്ന പ്രൗഢഗദ്യരീതി ഇന്നാട്ടുകാർക്കു വശമായിരുന്നുവോ. ഇക്കാലത്തെ ഭാഷാപ്രണയികൾ ഇതു അവധാനപൂർവ്വം ചിന്തിക്കേണ്ട ഒരു വിഷയമാണു. ഒരു മിഥ്യാബോധത്താൽ നാം വഞ്ചിതരാവുക എന്നുള്ളതു നമ്മേ സംബന്ധിച്ചിടത്തോളം ഒരിക്കലും സ്പൃഹണീയമായിട്ടുള്ളതല്ല. പഴയകാലത്തെ നീട്ടുകളുടേയും തീട്ടൂരങ്ങളുടേയും മട്ടിൽ ഒരു നിലയും നിറുത്തുമില്ലാതെ കേവലം നൂലാമാലപോലെ ഗദ്യമെഴുതുന്ന രീതിക്ക കേരളവർമ്മവലിയകോയിത്തമ്പുരാൻ തിരുമനസ്സിലെ ജനനത്തിനു വളരെ മുമ്പുതന്നേ [illegible]ഭേദാന്തരം സംഭവിച്ചിരുന്നു. വാചകങ്ങൾ പിരിച്ചും, അവയുടെ ദൈർഘ്യത്തെ [illegible]

[illegible] ചെയ്ത [illegible] ഒരു പ്രസ്താവനയിൽ ബ്രിട്ടീഷ് ഇൻഡ്യ

വശ്യോചിതമാംവണ്ണം നിയന്ത്രിച്ചും, ഗദ്യനിർമ്മാണം ചെയ്യുന്ന സമ്പ്രദായം ആയിരമാണ്ടേക്ക മുമ്പുതന്നെ ഇവിടെ നടപ്പിൽ വന്നിരുന്നുവെന്നുള്ളതിനു മതിയായ ലക്ഷ്യമുണ്ടു. താഴെ ചേർത്തിരിക്കുന്ന ഒരു പുറം, മുൻകാലത്തെ നൂലാമാല രീതിക്കു ഒരു ഉററ വാചകത്തിൽ കുത്തിച്ചെല്ലുത്താൻ [illegible] ഇരിക്കെ, അവിധം ചെയ്യാതെ ആധുനിക ഗദ്യരീതിയെ അനുസരിച്ചു വാചകം പിരിച്ചും ചെറിയ വാചകങ്ങളായിട്ടും എഴുതിക്കാണുന്ന സ്ഥിതിക്ക കേരളവർമ്മവലിയകോയിത്തമ്പുരാന്റെ ജനനത്തിനു വളരെ മുമ്പുതന്നെ ഈ പുതിയ രീതി ഇന്നാട്ടുകാർക്ക പരിചയപ്പെട്ടിരുന്നുവെന്നു സംശയലേശംകൂടാതെ വിശ്വസിക്കാവുന്നതാണു.

"സുറിയാനിക്കാർ എന്നു വിളിക്കപ്പെടുന്നവരും, മലയാളരാജ്യത്തു പാർക്കുന്നവരുമായ ഞങ്ങൾ തോമാശ്ലീഹായുടെ കാലംമുതൽ കൊച്ചിയിൽ പറങ്കി വരുന്നതു (1500) വരെ സത്യവിശ്വാസത്തിൽ ഉറപ്പുള്ളവരായി കക്ഷികളും കലഹങ്ങളും കൂടാതെ സമാധാനത്തോടെ പാർത്തുവന്നു. എന്നാൽ പ്രങ്കിയക്കാർ (പോർട്ടുഗീസുകാരായ പറങ്കികൾ) തുടെ കൗശലത്താൽ സുറിയാനിയിൽനിന്നുള്ള ഞങ്ങളുടെ പിതാക്കന്മാർ (വൈദികാദ്ധ്യക്ഷന്മാർ) ഉടെ വരവിനെ മുടക്കിക്കളഞ്ഞു. അങ്ങനെ ഞങ്ങൾ ആത്മാവിൽ വ്യാകുലപ്പെട്ടവരും യാതൊരു സഹായവുമില്ലാത്ത അനാഥന്മാരെയും വിധവമാരേയും പോലെ ആയിതീർന്നു. പ്രങ്കാദയക്കാരുടെ ശക്തിയും രാജത്വപ്രധാനത്തിന്റെ പെരുപ്പവുംകൊണ്ടു മലയാളത്തുള്ള സുറിയാനിപ്പള്ളികൾ ഒക്കെയും റോമ്മാ മേലധികാരത്തിൻകീഴായിതീർന്നു" (മലങ്കര മെത്രാപ്പോലീത്തായായിരുന്ന പുന്നത്തറ മാർ ദീവന്നാസ്യോസു കൊല്ലം 996-ാമാണ്ടു എഴുതിയ ഒരു കത്തിൽനിന്നു) 1023-ാമാണ്ടു — അതാവിതു കേരളവർമ്മവലിയകോയിത്തമ്പുരാൻ തിരുമനസ്സിലേക്ക മൂന്നു തിരുവയസ്സു പ്രായമുള്ളപ്പോൾ യുവരാജാ നാണപ്പിള്ള ദിവാൻജിയ്ക്കു അദ്ദേഹത്തിന്റെ അമ്മാവൻ അയച്ച ഒരു കത്തിൽനിന്നും ഈ വാസ്തവം വെളിപ്പെടുന്നതാണു. കത്തിൽനിന്നും ഒരു ഭാഗം താഴെ ചേർക്കുന്നു:— ...."ഇവിടെ മഴപെയ്തു [illegible]ൽ പെരുകി, നിലങ്ങൾ കൃഷി [illegible] റു വിതയ്ക്കുന്നതിനു മഴയില്ല. പല [illegible] തച്ചു പയറു പടരുന്നു. എപ്പാഴേക്കും ന[illegible] ല്യം കൂടിക്കൂടി എഴുത്തു കൊടുത്തയക്കണം. ജീവനസംഗതി എഴുതിഅയച്ചതിനു മറുപടി ഒന്നും കണ്ടില്ല. അതിനു നല്ലവണ്ണം ശ്രമിക്കണം. നിങ്ങൾ ഇതിനുമുമ്പു പക്കലെ വന്നിരിക്കുമെന്നു വിചാരിക്കുന്നു. പൂർവ്വചരിതം അല്പം എഴുതുന്നു. 33-ാമാണ്ടു സ്വർഗ്ഗാരോഹം ചെയ്ത തമ്പുരാൻ നരസിംഹത്തിന്റേപ്പോലെ പരാക്രമിയും [illegible] എഴുന്നെള്ളിയിരുന്നു. അരുമുഖൻദളവായും രാമയ്യൻദളവായും പ്രധാന മന്ത്രി...."

(തുടരും)

ഈ. വി. കൃഷ്ണപിള്ള[illegible]

1) കേളീസൌധം (അൻപത്തൊന്നു ചെറു[illegible] അടങ്ങിയ[illegible]
2) [illegible]ഭാഗവും കൂടി [illegible]
3) ബാഷ്പവർഷം (പ്രൗക്ഷാഭകരമായ [illegible]
4) ടി ഗ്രന്ഥത്തിനു കാളേജ് ലക്ചറർ [illegible] എഴുതിയ "ഗദ്യതളിക" എന്ന വ്യാഖ്യാനത്തോടും [illegible]
5) കള്ളപ്രമാണം (ഒരു പുതിയ പ്രഹസന[illegible]
6) ഉദ്ദണ്ഡൻ എം. എൽ. സി. [illegible]
7) സീതാലക്ഷ്മി

അച്ചടി[illegible]
(അരള)
എസ്. [illegible]

(1)